# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 947** **20/03/2012 ൽ മറുപടിക്ക്**

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ(ആർ.എം.എസ്.എ.)

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | എ) ഹൈസ്കൂൾ വിദ്യാഭ്യാസം സുഗമമാക്കുന്നതിനായി അഞ്ച് കിലോ മീറ്ററിനുള്ളിൽ പുതിയ ഹൈസ്കൂളുകൾ ആരംഭിക്കുക, ആർ.എം. എസ്.എ. പദ്ധതി പ്രകാരമുള്ള ക്ലാസ്റൂമുകൾ നിർമ്മിക്കുക, അദ്ധ്യാപകരെ നിയമിക്കുക, നിലവിലുള്ള ഹൈസ്ക്കൂളുകളിൽ ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ റൂം, ആർട്ട് & ക്രാഫ്റ്റ് റൂം, ടോയിലറ്റ്-കുടിവെള്ള സൗകര്യങ്ങൾ എന്നിവയുണ്ടെന്ന് ഉറപ്പാക്കുക, നിലവിലുള്ള ഹൈസ്ക്കൂളുകളിൽ അറ്റകുറ്റ പണികൾ നടത്തുക, ഗ്രാമപ്രദേശങ്ങളിലും എത്തിച്ചേരാൻ പ്രയാസമുള്ള സ്ഥലങ്ങളിലും അദ്ധ്യാപക ക്വാട്ടേഴ്സുകൾ നിർമ്മിക്കുക, അദ്ധ്യാപക പരിശീലനം, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം, ഗൈഡൻസ് & കൗൺസലിംഗ്, സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മറ്റു പദ്ധതികൾ എന്നീ പ്രവർത്തനങ്ങളാണ് ആർ.എം. എസ്.എ. പദ്ധതിയിൽ കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| ബി) ഈ പദ്ധതി പ്രകാരം ഏതെങ്കിലും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ, പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളാണെന്ന് വ്യക്തമാക്കുമോ; | ബി) ആർ.എം.എസ്.എ പദ്ധതി പ്രകാരം 2009-10 വർഷത്തിൽ 59 സ്കൂളുകളും, 2010-11 വർഷത്തിൽ 35 സ്കൂളുകളും 2011-12 വർഷത്തിൽ 16 സ്കൂളകളും അപ്ഗ്രേഡ് ചെയ്യുന്നതിനായും 2009-10, 2010-11 എന്നീ വർഷങ്ങളിൽ ഓരോ സ്കൂളുകൾ |

(....2)

പുതുതായി ആരംഭിക്കുന്നതിനായും കേന്ദ്ര സർക്കാരിൽ നിന്ന് അനുവാദം ലഭിച്ചിട്ടുണ്ട്. ഇതിൽ 2009-10 വർഷത്തിൽ ഹൈസ്കൂളുകളാക്കി ഉയർത്താൻ അനുവാദം ലഭിച്ച 59 സ്കൂളുകളിൽ 57 സ്കൂളുകളും ഒരു പുതിയ ഹൈസ്കൂളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| സി) | സ്കൂളുകളുടെ പശ്ചാത്തല വികസനത്തിന് പദ്ധതിയിൽ പണം വകയിരുത്തുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) | വികസനത്തിന് പദ്ധതിയിൽ പണം വകയിരുത്തിയിട്ടുണ്ട്. അപ്ഗ്രേഡ് ചെയ്ത ഓരോ സ്കൂളിനും 58.12 ലക്ഷം രൂപ പശ്ചാത്തല വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.